**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 471** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊണ്ടോട്ടി സെക്ഷൻ വിഭജനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കൊണ്ടോട്ടി സെക്ഷൻ വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജനവുമായി ബന്ധപ്പെട്ട് രേഖാമൂലം സമർപ്പിച്ച ആവശ്യങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ സെക്ഷനിൽ ഉപഭോക്താക്കളുടെ എണ്ണവും സേവനങ്ങളുടെ വ്യാപ്തിയും കൂടുതലാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** ഉണ്ടെങ്കിൽ കൊണ്ടോട്ടി സെക്ഷൻ വിഭജിച്ച് കരിപ്പൂർ സെക്ഷൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

**<u>മറുപടി:</u>** ബോർഡിന്റെ റി സ്ട്രക്ചറിങ് പ്രക്രിയ തീരുന്ന മുറക്ക് മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്ന-തിനും ശാക്തികരിക്കുന്നതിനുമായുള്ള പ്രവർത്തികൾ കെ.എസ്.ഇ.ബി.എൽ-ൽ നടന്നു വരുന്നുണ്ട്

**(സി)** ഇല്ലെങ്കിൽ ഏകദേശം മുപ്പത്തയ്യായിരത്തോളം ഉപഭോക്താക്കൾ പരിധിയിലുള്ള കൊണ്ടോട്ടി സെക്ഷൻ വിഭജിച്ച് കരിപ്പൂരിൽ പുതിയ സെക്ഷൻ രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ബോർഡിന്റെ റി സ്ട്രക്ചറിങ് പ്രക്രിയ തീരുന്ന മുറക്ക് മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ

വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്ന-തിനും ശാക്തികരിക്കുന്നതിനുമായുള്ള പ്രവർത്തികൾ കെ.എസ്.ഇ.ബി.എൽ-ൽ നടന്നു വരുന്നുണ്ട്

**സെക്ഷൻ ഓഫീസർ**